(ബി) ഈ വിഭാഗക്കാർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) അതിന് സ്വീകരിക്കുന്ന മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) അവർക്ക് എന്നത്തേക്ക് ആശ്വാസം നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഭൂപരിഷ്കരണംമൂലം നിർദ്ധനരായവരും 70 വയസ്സ് പൂർത്തിയാക്കിയവരും പ്രതിമാസം 6000 രൂപയ്ക്കുമേൽ വരുമാനമില്ലാത്തവരുമായ മുൻ ജന്മിമാർക്ക് പ്രതിമാസം 100 രൂപാവീതം പെൻഷൻ നൽകുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

(ബി) നിലവിലുള്ള പദ്ധതി അപര്യാപ്തമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ അത് കൂടുതൽ ഉദാരവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രായപരിധി 60 വയസ്സാക്കാനും വാർഷിക വരുമാനപരിധി 12000 രൂപയായി വർദ്ധിപ്പിക്കുവാനും പെൻഷൻ തുക 300 രൂപയായി വർദ്ധിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) പുതുക്കിയ നിരക്കിലുള്ള പെൻഷൻ 1999 ജൂൺ ഒന്നാം തീയതി മുതൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

5 (*312) പാർവ്വതി പുത്തനാർ ശുദ്ധീകരിക്കാൻ പദ്ധതി

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ പാർവ്വതി പുത്തനാർ ശുദ്ധീകരിക്കുവാൻ തിരുവനന്തപുരം നഗരസഭ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പാർവതി പുത്തനാർ പൂർണ്ണമായും ശുദ്ധീകരിക്കുവാൻ എന്തുതുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷൻ ഇതിനായി എന്തുതുകയുടെ പദ്ധതിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഇ) ഈ തുകകൊണ്ട് പാർവ്വതി പുത്തനാറിന്റെ എത്ര ശതമാനം ശുദ്ധീകരിക്കാൻ കഴിയും;

(എഫ്) ശുദ്ധീകരിക്കുന്ന പാർവ്വതി പുത്തനാർ വീണ്ടും മലിനമാക്കാതെ നോക്കാൻ എന്തെല്ലാം അനന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) പാർവ്വതി പുത്തനാർ മലിനീകരണംമൂലം ടി തോടിന്റെ ഇരുകരകളിലുമുള്ള ആയിരക്കണക്കിനാളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് നഗരസഭ പദ്ധതി തയ്യാറാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയിട്ടുള്ളത്. ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ടി ശുചീകരണ പ്രവൃത്തി തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കനാലിൽനിന്നും പായലും കുളവാഴയും മാറ്റുന്ന പ്രവൃത്തിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനുശേഷം കനാലിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് മാറ്റിയ ശേഷം ചെളിയും മറ്റു മാലിന്യങ്ങളും മനുഷ്യ അദ്ധ്വാനവും ജെ.സി.ബി. യും ഉപയോഗിച്ച് മാറ്റുന്നതാണ്. തെക്കനിക്കര കനാലിൽനിന്നും പാർവതി പുത്തനാറിലേയ്ക്ക് ഒഴുകിവരുന്ന സ്വീവേജും മറ്റു മാലിന്യങ്ങളും വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ കനാലിലേയ്ക്ക് കടക്കാതിരിക്കാൻ ബദൽ സംവിധാനം ഉണ്ടാക്കുന്നതാണ്. കനാലിന്റെ ഇരുകരകളിലും താമസിക്കുന്ന കക്കൂസ് സൗകര്യം ഇല്ലാത്തവർക്ക് ഇരട്ടക്കുഴി കക്കൂസ് നിർമ്മിച്ചു കൊടുക്കുന്നതാണ്.

(സി) പാർവതി പുത്തനാറിന്റെ ആക്കുളം മുതൽ വള്ളക്കടവു വരെയുള്ള ഭാഗം ശുചീകരിക്കുന്നതിന് 37 ലക്ഷം രൂപയുടെ പദ്ധതിയാണ് തിരുവനന്തപുരം നഗരസഭ അംഗീകരിച്ചിട്ടുള്ളത്. വള്ളക്കടവു മുതൽ പൂന്തുറ വരെയുള്ള 2-ാം ഘട്ടത്തിന്റെ സർവ്വേ നടത്തി പ്രോജക്ട് തയ്യാറാക്കിവരുന്നു.

(ഡി) ഒന്നാംഘട്ട പ്രവർത്തനത്തിന് 37 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകകൊള്ളിച്ചിട്ടുണ്ട്.

(ഇ) ഈ തുകകൊണ്ട് പാർവ്വതി പുത്തനാറിന്റെ 50 ശതമാനം ശുചീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) പാർവ്വതി പുത്തനാറിന്റെ ഇരുകരകളിലുമുള്ള വീടുകളിലെ പല കക്കൂസുകളും ഇപ്പോൾ പാർവ്വതി പുത്തനാറിലേക്കാണ് ഒഴുക്കിവിടുന്നത്. ഇതു നിറുത്തലാക്കുക, തെക്കനിക്കര കനാലിൽനിന്നും പാർവ്വതി പുത്തനാറിലേയ്ക്ക് സ്വീവേജ് ജലം ഒഴുക്കിവിടുന്നത് തടയുക, രാത്രികാലങ്ങളിൽ കനാലിലേയ്ക്ക് ചപ്പുചവറുകൾ നിക്ഷേപിക്കുന്നത് തടയുക, ആടുമാടുകളെ കശാപ്പു ചെയ്യുന്നതിന്റെ അവശിഷ്ടങ്ങൾ ചാക്കിൽ കെട്ടി ആറ്റിലേക്ക് വലിച്ചെറിയുന്നത് തടയുക ഇത്യാദി കാര്യങ്ങൾ ചെയ്യാൻ തിരുവനന്തപുരം നഗരസഭ ഉദ്ദേശിക്കുന്നു.

6 (*313) സി ഡിറ്റ് സ്ലൈഡ് പ്രോജക്ട്

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. സുധാകരൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സി ഡിറ്റിനെക്കൊണ്ട് സ്ലൈഡ് എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) സി ഡിറ്റിലെ ആരാണ് ഈ പ്രോജക്ട് തയ്യാറാക്കിയതെന്ന് അറിയുമോ;

(ഡി) എങ്കിൽ ഈ വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യതയും പരിചയവും എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly